# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.2125

16.08.2017-ൽ
മറുപടിയ്ക്ക്

## കൊരട്ടി കിൻഫ്രയുടെ വികസനം

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| എ) കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) കൊരട്ടിയിലെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി 70000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം നിർമ്മിക്കാൻ കിൻഫ്രക്ക് പദ്ധതിയുണ്ട്. ഇതിന്റെ ശിലാസ്ഥാപനം 2017 ജൂൺ 5 ന് വ്യവസായ വകുപ്പ് മന്ത്രി നിർവ്വഹിച്ചു. ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന കേന്ദ്ര ഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഗവ. ഓഫ് ഇന്ത്യാ പ്രസ്സിന്റെ ഉപയോഗ ശൂന്യമായ സ്ഥലം കൊരട്ടി കിൻഫ്രയ്ക്ക് വിട്ടുകിട്ടുന്നതിനാവശ്യമായ ഇടപെടലുകളും നടപടികളും സ്വീകരിക്കുമോ? | ബി) കിൻഫ്ര പാർക്കിനു സമീപമുള്ള കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ അധീനതയിലുള്ള ഗവണ്മെൻറ് പ്രസ്സിന്റെ ഭൂമി ലഭ്യമാക്കുന്നതിനായി കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെട്ട് ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ